# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) നിയമസഭാ പാസാക്കിയ ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സമയപരിധി നിശ്ചയിച്ചതിൽ സുപ്രീംകോടതിയോട് വ്യക്തത തേടി രാഷ്ട്രപതി ദ്രൗപദി മുർമു.

**In the aftermath of the Supreme Court verdict in the Tamil Nadu Bills case, President Droupadi Murmu has sent a reference to the Supreme Court asking the top court to consider whether timelines can be imposed on Governors to act on Bills in the absence of a constitutionally-prescribed time limit**

2) ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടി എന്നതിലുപരി രാജ്യത്തെ ജനങ്ങളോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിജ്ഞാബദ്ധത കൂടിയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്

**Operation Sindoor is not just a military action but a symbol of commitment of Union Government, says Defence Minister Rajnath Singh**

3) ജമ്മു കശ്മീരിലെ പുൽവാമ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ഭീകരർ കൊല്ലപ്പെട്ടു.

**Three terrorists were killed on Thursday in a gunfight with the security forces in Jammu and Kashmir's Pulwama district.**

4) ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ.

**Kerala Government formed a high-level committee to review the demands of ASHA workers.**

5) ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ബീഹാറിൽ ഇന്ന് സമാപനം. മെഡൽ തിളക്കത്തിൽ മുന്നിൽ മഹാരാഷ്ട്ര.

**In Bihar, the curtains for Khelo India Youth Games will come down today. Maharashtra leads the medal tally with 149 medals.**

&&&&&&&&&&&&&&&&&&

# HEADLINE-1

## PRESIDENT-MURMU/SC-OPINION

നിയമസഭാ പാസാക്കിയ ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സമയപരിധി നിശ്ചയിച്ചതിൽ സുപ്രീംകോടതിയോട് വ്യക്തത തേടി രാഷ്ട്രപതി ദ്രൗപദി മുർമു. തമിഴ്നാട് സര്ക്കാരിന്റെ ഹർജിയിൽ, ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സുപ്രീംകോടതി മൂന്നുമാസത്തെ സമയപരിധി നിശ്ചയിച്ചിരുന്നു. ഭരണഘടനയിൽ പരാമർശിക്കാതെ സമയപരിധി കോടതിയ്ക്ക് നിശ്ചയിക്കാൻ സാധിക്കുമോയെന്ന് രാഷ്ട്രപതി ആരാഞ്ഞു. ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങൾ ചൂണ്ടിക്കാട്ടിയാണ് ശ്രീമതി മുർമു സുപ്രീംകോടതിയിൽ നിന്നും ഇത് സംബന്ധിച്ച 14 കാര്യങ്ങളിൽ വ്യക്തത തേടിയത്. അനുച്ഛേദം 361 പ്രകാരം ഗവർണറുടെ നടപടികൾക്ക് ജുഡീഷ്യൽ അവലോകനം ബാധകമല്ലെന്നിരിക്കെ ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർക്ക് വിവേചനാധികാരം ഇല്ലേയെന്നും രാഷ്ട്രപതി ചോദിച്ചു. ബില്ലുകളിൽ രാഷ്ട്രപതി സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ചും സുപ്രീംകോടതി വിധിയിൽ പരാമർശിച്ചിരുന്നു,

&&&&&&&&&&&&&&&&&&

# HEADLINE-2

## REV. RAJNATH- J&K VISIT (INTRO)

*ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടി എന്നതിലുപരി രാജ്യത്തെ ജനങ്ങളോടുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിജ്ഞാബദ്ധത കൂടിയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് . ശ്രീനഗറിൽ 15 കോർപ്പ് ആസ്ഥാനം സന്ദർശിച്ച് സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തിനെതിരെ രാജ്യം നടത്തുന്ന*

*ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്നും അദ്ദേഹം വ്യക്തമാക്കി.*

*ഭീകരതക്കെതിരെയുള്ള പോരാട്ടത്തിൽ വീരമൃത്യുവരിച്ച സൈനികർക്കും പഹൽഗാമിൽ ജീവൻ നഷ്ടമായവർക്കും രാജ്യരക്ഷാ മന്ത്രി ആദരം അർപ്പിച്ചു.*

*(ഹോൾഡ് - വോയിസ്)*

*ഓപ്പറേഷൻ സിന്ദൂരിനെത്തുടർന്നുള്ള ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികളും അദ്ദേഹം സന്ദർശനത്തിന്റെ ഭാഗമായി വിലയിരുത്തും.*

&&&&&&&&&&&&&&&&&&

## HEADLINE-3

**J K encounter Terrorists killed**

ജമ്മു കശ്മീരിലെ പുൽവാമ ജില്ലയിലെ നാദിർ ഗ്രാമത്തിൽ ഇന്ന് സുരക്ഷാ സേനയുമായുണ്ടായ വെടിവയ്പ്പിൽ മൂന്ന് ജെയ്ഷ്-ഇ-മുഹമ്മദ് ഭീകരർ കൊല്ലപ്പെട്ടു. ആസിഫ് അഹമ്മദ് ഷെയ്ഖ്, ആമിർ നസീർ വാനി, യാവർ അഹമ്മദ് ഭട്ട് എന്നിവരാണ് കൊല്ലപ്പെട്ടതെന്ന് സൈനിക വൃത്തങ്ങൾ പറഞ്ഞു. 48 മണിക്കൂറിനുള്ളിൽ പ്രദേശത്ത് നടക്കുന്ന രണ്ടാമത്തെ ഏറ്റുമുട്ടലാണിത്. ഷോപിയാൻ ജില്ലയിൽ രണ്ട് ദിവസം മുൻപ് സുരക്ഷാ സേനയും ഭീകരരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ലഷ്കർ-ഇ-തൊയ്ബ ഭീകരരെ സൈന്യം വധിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**PM-NAXALISM**

നക്സൽ ബാധിത മേഖലകളിൽ സമാധാനം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഛത്തീസ്ഗഢിൽ സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ 31 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രിയുടെ പ്രതികരണം. നക്സൽ തീവ്രവാദത്തെ വേരോടെ

പിഴുതെറിയാനുള്ള ശ്രമങ്ങൾ ശരിയായ ദിശയിലാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. ഛത്തീസ്ഗഢ്-തെലങ്കാന അതിർത്തിയിൽ സുരക്ഷാസേനയുമായി ഏപ്രിൽ 21 മുതൽ ഈ മാസം 11 വരെ നടന്ന 21 ഏറ്റുമുട്ടലുകളിലാണ് 16 വനിതകൾ ഉൾപ്പെടെ 31 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത്. ഇവരിൽ നിന്ന് റൈഫിളുകൾ, സെമി-ഓട്ടോമാറ്റിക് തോക്കുകൾ, ഐഇഡി തുടങ്ങിയവ പിടിച്ചെടുത്തു.

&&&&&&&&&&&&&&&&&&

## CCPA - PAK FLAG

രാജ്യത്ത്, പാക്കിസ്ഥാൻ പതാകകളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വിൽപനയ്ക്ക് ഇ-കൊമേഴ്സ് വെബ്സൈറ്റുകൾക്ക് വിലക്ക്. ഇത് സംബന്ധിച്ച് ആമസോൺ ഇന്ത്യ, ഫ്ലിപ്കാർട്ട്, ഫ്ലാഗ് കമ്പനി തുടങ്ങിയവയ്ക്ക് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി നോട്ടീസയച്ചു. ഇവ ഉടനടി നീക്കം ചെയ്യാനും ദേശീയ നിയമങ്ങൾ പാലിക്കാനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ചതായി കേന്ദ്ര മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MEMORANDUM SUSPENDED

ദേശീയ സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് ഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയും, തുർക്കിയെയിലെ ഇനോനു സർവകലാശാലയുമായുള്ള ധാരണാപത്രം താൽക്കാലികമായി നിർത്തിവച്ചു. അധ്യാപക-വിദ്യാർത്ഥി സഹകരണം സംബന്ധിച്ച ധാരണാപത്രമാണ് നിർത്തിവച്ചത്.

&&&&&&&&&&&&&&&&&&

## Maniupur insurgent killed

മണിപ്പൂരിലെ ചന്ദേൽ ജില്ലയിലെ ന്യൂ സാംതലിൽ, 10 നുഴഞ്ഞുകയറ്റക്കാരെ സൈന്യം വധിച്ചു. ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സേനയുടെ ഈസ്റ്റേൺ കമാൻഡ് പ്രദേശത്ത് നടത്തിയ തിരിച്ചിലിനിടെ ഉണ്ടായ വെടിവെയ്പ്പിലാണ്

നുഴഞ്ഞുകയറ്റക്കാർ കൊല്ലപ്പെട്ടത്. വലിയ തോതിൽ ആയുധങ്ങളും വെടിക്കോപ്പുകളും ഇവരിൽ നിന്നും കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

&&&&&&&&&&&&&&&&&&

# HEADLINE-4

## AASHA WORKERS - MEETING

ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ. ഏപ്രിൽ മൂന്നിന് ആരോഗ്യമന്ത്രി നടത്തിയ ചർച്ചയിൽ ആശമാർ ആവശ്യപ്പെട്ട വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദേശം. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ നേതൃത്വം നൽകുന്ന സമിതിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്

&&&&&&&&&&&&&&&&&&

## PINARAYAI- FOURTH ANNIVERSAY

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം ഈ മാസം 23 ന് തിരുവനന്തപുരത്ത് സമാപിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 21 ന് കാസർഗോഡാണ് വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. ഭരണനേട്ടങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ജില്ലാ, മേഖലാതല അവലോകന യോഗങ്ങളും ഇതോടനുബന്ധിച്ച് നടക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## J K – THIRANGA

ഇന്ത്യയുടെ അഭിമാനം ഉയർത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ചരിത്ര വിജയത്തിന് ആദരമർപ്പിച്ച് രാജ്യത്തുടനീളം തിരംഗ യാത്രകൾ സംഘടിപ്പിക്കുന്നു. സംസ്ഥാനത്ത് നാളെ കൊല്ലത്തും കണ്ണൂരിലും കോഴിക്കോടും ത്രിവർണ്ണ സ്വാഭിമാന യാത്രകൾ നടക്കും. തിരുവനന്തപുരത്ത് ഇന്നലെയായിരുന്നു തിരംഗ യാത്ര.

&&&&&&&&&&&&&&&&&&

## SUDHAKARAN

തപാൽ വോട്ടുകൾ പൊട്ടിച്ച് തിരുത്തിയിട്ടുണ്ടെന്ന സിപിഐഎം നേതാവും, മുൻമന്ത്രിയുമായ ജി. സുധാകരന്റെ വെളിപ്പെടുത്തലിനെ അത്യന്തം ഗൗരവമായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ കാണുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ . 1989-ലെ ആലപ്പുഴ ലോക് സഭാ മണ്ഡലത്തിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിലാണ് തപാൽ വോട്ടിൽ കൃത്രിമത്വം കാണിച്ചതായി വെളിപ്പെടുത്തൽ ഉണ്ടായിരിക്കുന്നത്. ഗുരുതരമായ നിയമലംഘനമാണിതെന്നും, തിരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കുവാൻ ശ്രമിച്ചതായ വെളിപ്പെടുത്തലിന്മേൽ എഫ്.ഐ.ആർ ഇട്ട് കേസ് എടുക്കാനും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## P. Harish (INTRO)

***ആഗോള അസ്ഥിരതകൾക്കിടയിൽ ശ്രീബുദ്ധന്റെ ആശയങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ്. ബുദ്ധന്റെ ആശയങ്ങൾക്ക് ഈ കാലഘട്ടത്തിൽ നമ്മെ നയിക്കാൻ സാധിക്കുമെന്നും വേസക് അന്താരാഷ്ട്ര ദിനത്തോടനുബന്ധിച്ച് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഭരണ നിർവഹണത്തിൽ ബുദ്ധമതത്തിന്റെ സ്വാധീനം വളരെ വലുതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.***

*(ഹോൾഡ് വോയ്സ്.........)*

&&&&&&&&&&&&&&&&&&

# HEADLINE-5

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ബീഹാറിൽ ഇന്ന് സമാപനം. പാട്ന സ്പോർട്സ് കോംപ്ലക്സിൽ വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര കായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സേ, ബിഹാർ ഉപ മുഖ്യമന്ത്രി സമ്രാട്ട് ചൗധരി തുടങ്ങിയ പ്രമുഖർ പങ്കെടുക്കും . 56 സ്വർണ്ണവും 45 വെള്ളിയും

ഉൾപ്പെടെ 149 മെഡലുകളുമായി മഹാരാഷ്ട്രയാണ്
ഗെയിംസിൽ ഒന്നാം സ്ഥാനത്ത്. 107 മെഡലുകളുമായി
ഹരിയാന രണ്ടാം സ്ഥാനത്തും രാജസ്ഥാൻ മൂന്നാമതുമാണ്. 12 സ്വർണ്ണം ഉൾപ്പടെ 25 മെഡലുകളുമായി കേരളം എട്ടാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&

## DAY BADMINTON – THAILAND OPEN

തായ് ലാൻഡ് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ രണ്ടാം റൗണ്ട് മത്സരങ്ങളിൽ ഇന്ത്യൻ താരം മാളവിക ബൻസോദിന് പരാജയം. തായ് ലാൻഡ് താരത്തോട് 12-21, 16-21 നാണ് മാളവിക പരാജയപ്പെട്ടത്.

&&&&&&&&&&&&&&&&&&

## SENSEX – GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 141 പോയിന്റ് നഷ്ടത്തിൽ 81,188 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 17 പോയിന്റ് ഇടിഞ്ഞ് 24,649 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 195 രൂപ കുറഞ്ഞ് 8,610 രൂപയും, പവന് 68,880 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

**RUSSIA – UKRAINE TALKS**

സമാധാന ചർച്ചകൾക്കായി റഷ്യ - യുക്രൈൻ പ്രതിനിധികൾ തുർക്കിയെയിലെ ഇസ്താംബൂളിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ചർച്ചകളിൽ പങ്കെടുക്കില്ല. പുടിൻറെ വിശ്വസ്തനായ വ്ളാഡിമിർ മെഡിൻസ്കി റഷ്യൻ പ്രതിനിധി സംഘത്തെ നയിക്കും. റഷ്യൻ പ്രസിഡന്റുമായി നേരിട്ട് കൂടികാഴ്ച നടത്താൻ യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി സന്നദ്ധത അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&